# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:4998** **22.05.2017 ൽ മറുപടിയ്ക്ക്**

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെൻറ് ആൻറ് ട്രെയിനിംഗ്**

**ചോദ്യം** **ഉത്തരം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പ്രദീപ്കുമാർ<br>" വി.ജോയി<br>" കെ.ഡി.പ്രസേനൻ<br>" കെ.ജെ.മാക്സി | പ്രൊഫ സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെൻറ് ആൻറ് ട്രെയിനിംഗ് കേരള (സീമാറ്റ് -കേരള) യുടെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ; | എ) വിദ്യാഭ്യാസ വകുപ്പിലെ ഹെഡ് മാസ്റ്റർ മുതൽ ഡെപ്യൂട്ടി ഡയറക്ടർ വരെയുള്ളവർക്ക് നൽകി വരുന്ന മാനേജ്മെൻറ് പരിശീലനത്തിന്റെ അവലോകനം, ഓരോ പരിശീലന പരിപാടിയും അവസാനിക്കുന്ന ദിവസം കൃത്യമായി നടത്താറുണ്ട്. ഇതിനുപുറമെ ഇതര മാർഗ്ഗങ്ങളിലൂടെയും ട്രെയിനിംഗ് സംബന്ധമായ ഫീഡ് ബാക്ക് ശേഖരിക്കുന്നുണ്ട്. ഇത്തരം അവലോകനങ്ങളിൽ നിന്ന് ലഭിക്കുന്ന വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി പ്രവർത്തനരീതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നുണ്ട്. |
| ബി) ഈ സ്ഥാപനത്തിന്റെ ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | ബി) പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന വിദ്യാഭ്യാസ ഓഫീസർമാർക്ക് (ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ,ഡയറ്റ് പ്രിൻസിപ്പൽമാർ, ഡെപ്യൂട്ടി ഡയറക്ടർമാർ)മാനേജ്മെൻറ് പരിശീലനം നൽകുന്നതിനായി സ്ഥാപിതമായ സീമാറ്റ് കേരള, മാനേജ്മെൻറ് പരിശീലനത്തിനുപുറമേ ഇതുമായി ബന്ധപ്പെട്ട ഗവേഷണ പരിപാടികളും നടത്തിവരുന്നുണ്ട്. കൂടാതെ നവകേരള മിഷന്റെ ഭാഗമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് സ്കൂൾ തലം മുതൽ ജില്ലാ തലം വരെയുള്ള ഓഫീസർമാർക്ക് മാനേജ്മെൻറ് പരിശീലനവും സീമാറ്റ് - കേരള മുഖാന്തിരം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |

സി) വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കാര്യ നിർവ്വഹണ ശേഷി വർദ്ധിപ്പിക്കുന്നതിനായി സ്ഥാപിക്കപ്പെട്ട പ്രസ്തുത സ്ഥാപനം ഇതിന്റെ പ്രഖ്യാപിത ലക്ഷ്യം നിറവേറ്റുന്നതിൽ വേണ്ടത്ര വിജയിച്ചില്ല എന്ന റിപ്പോർട്ട് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

ഡി) വിദ്യാഭ്യസ മാനേജ്മെൻറ് രംഗത്ത് നയപരമായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തക്കവിധം സീമാറ്റിനെ പരിവർത്തനപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

സി) യും ഡി) യും ശ്രദ്ധയിൽപെട്ടിട്ടില്ല; വിദ്യാഭ്യാസ മാനേജ്മെൻറ് രംഗത്ത് നയപരമായ നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ തക്കവണ്ണം സീമാറ്റിനെ പരിവർത്തനപ്പെടുത്താൻ നടപടികൾ സ്വീകരിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ